⇨ *മുന്നണികൾ മാറിമാറി ഭരിക്കുന്നു എന്ന ചട്ടക്കൂട് ദൃഢമുള്ളതായിത്തീർന്നിട്ടുണ്ട്* ⇨

**കേരള** സംസ്ഥാനം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ശക്തമായ മത്സരം നടന്ന ഒരു തെരഞ്ഞെടുപ്പാണ് ഇക്കഴിഞ്ഞ നിമയസഭാ തെരഞ്ഞെടുപ്പ്. ഏറ്റവും കൂടുതൽ പണമൊഴുകിയ, ഏറ്റവുമധികം പ്രചാരണ മാമാങ്കങ്ങൾ അരങ്ങേറിയ ഒരു തെരഞ്ഞെടുപ്പായി ഈ അസംബ്ലി ഇലക്ഷനെ വിലയിരുത്താം. മുന്നണികൾ തമ്മിലുള്ള വീറും വാശിയും നിറഞ്ഞ പോരാട്ടത്തിന്റെ കാര്യത്തിൽ മാത്രമല്ല ഈ തെരഞ്ഞെടുപ്പ് സവിശേഷമാകുന്നത്. കേരള സംസ്ഥാനത്തിന്റെയും രാഷ്ട്രീയ മണ്ഡലത്തിന്റെയും ഭാവിയെ സംബന്ധിച്ച് ഏറെ പ്രാധാന്യമർഹിക്കുന്ന ഒട്ടേറെ സംഗതികൾ ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. അതിൽ പലതും ആഗോള രാഷ്ട്രീയ സാഹചര്യങ്ങളുടെ പ്രതിഫലമെന്ന നിലയിൽ ആവിർഭവിച്ചവയാണ്. സത്യാനന്തര കാലത്ത് ലോകത്ത് പലയിടത്തും സംഭവിക്കുന്നതിന്റെ ചില അനുരണനങ്ങൾ. എന്നാൽ മറ്റ് ചിലത് കേരളം എന്ന ഏറെ സവിശേഷതകളുള്ള ഒരു സമൂഹത്തിൽ മാത്രം സംഭവിക്കുന്നവയാണ്. എന്തെല്ലാമാണ് അക്കാര്യങ്ങൾ? പ്രബുദ്ധമായ ഒരു രാഷ്ട്രീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കേരളം എങ്ങനെയാണ് അക്കാര്യങ്ങളോട് പ്രതികരിക്കേണ്ടത്?

# തെരഞ്ഞെടുപ്പിൽ ചർച്ചയാകാത്ത രാഷ്ട്രീയ ചോദ്യങ്ങൾ

കേരള സംസ്ഥാനത്തിന്റെയും രാഷ്ട്രീയ മണ്ഡലത്തിന്റെയും ഭാവിയെ സംബന്ധിച്ച് ഏറെ പ്രാധാന്യമർഹിക്കുന്ന ഒട്ടേറെ സംഗതികൾ ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. അതിൽ പലതും ആഗോള രാഷ്ട്രീയ സാഹചര്യങ്ങളുടെ പ്രതിഫലമെന്ന നിലയിൽ ആവിർഭവിച്ചവയാണ്. സത്യാനന്തര കാലത്ത് ലോകത്ത് പലയിടത്തും സംഭവിക്കുന്നതിന്റെ ചില അനുരണനങ്ങൾ. മറ്റ് ചിലത് കേരളം എന്ന ഏറെ സവിശേഷതകളുള്ള ഒരു സമൂഹത്തിൽ മാത്രം സംഭവിക്കുന്നവയാണ്. എന്തെല്ലാമാണ് അക്കാര്യങ്ങൾ?

■ ഹർഷാദ്

**ഭരണത്തുടർച്ച: ഒരു ആസൂത്രിത കാമ്പയിൻ**

കേരള രാഷ്ട്രീയത്തിന്റെ ഏറ്റവും പ്രധാന പ്രത്യേകതയായി വിലയിരുത്തപ്പെടുന്ന ഒന്നാണ് മുന്നണികളുടെ മാറിമാറിയുള്ള ഭരണം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഐക്യജനാധിപത്യ മുന്നണിയും എന്ന രണ്ട് മുന്നണി സംവിധാനങ്ങളുടെ കൈകളിലേക്കാണ് നിയമനിർമ്മാണ സഭയുടെ ചുക്കാൻ ഓരോ അഞ്ച് വർഷവും ജനങ്ങൾ വച്ച് മാറാറുള്ളത്. മുന്നണികൾക്കുള്ളിലെ രാഷ്ട്രീയ കക്ഷികൾ അലോഹ്യങ്ങളും അവസരവാദവും കാരണം ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് ചാടാറുണ്ടെങ്കിലും മുന്നണികൾ മാറിമാറി ഭരിക്കുന്നു എന്ന ചട്ടക്കൂട് ദൃഢമുള്ളതായിത്തീർന്നിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പ് എന്ന പ്രക്രിയതന്നെ നിലവിലുള്ള സർക്കാരിനെ മാറ്റാനുള്ള ഒരേർപ്പാടായിട്ടാണ് കേരളത്തിലെ ജനങ്ങൾ പൊതുവിൽ ആന്തരികവത്കരിച്ചിരിക്കുന്നത് എന്ന് പറയാം. മുന്നണികളിലെ പ്രബല രാഷ്ട്രീയ പാർട്ടികൾ അവരുടെ രാഷ്ട്രീയ വോട്ടുകൾ എത്രമാത്രം സമാഹരിച്ചാലും അതുകൊണ്ടുമാത്രം ഭരണസാരഥ്യം ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യം കേരളത്തിലില്ല (അത് സി.പി.എം ആണെങ്കിലും കോൺഗ്രസ് ആണെങ്കിലും). പാർട്ടി വോട്ടുകൾക്ക് പുറമെയുള്ള നിഷ്പക്ഷ വോട്ടു

കൾ തന്നെയാണ് ആര് ഭരിക്കണം എന്ന് നിർണ്ണയിക്കുന്നത്. ആ നിഷ്പക്ഷ വോട്ടുകളാണ് ഭരണമാറ്റം എന്നതിനെ ഒരു ചാക്രിക പ്രക്രിയയാക്കി മാറ്റിയതും. നിഷ്പക്ഷരെ സംബന്ധിച്ച് സർക്കാരിന്റെ അഞ്ച് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലാണ് വോട്ട് ആയി അവർ കരുതുന്നത്. അത് മിക്കപ്പോഴും സർക്കാരിന്/ഭരിക്കുന്ന പാർട്ടിക്ക് എതിരായിട്ട് തന്നെയാണ് വരാറുള്ളത്. ഭരണ വിരുദ്ധത (anti incumbency) എന്ന ഒരു പൊളിറ്റിക്കൽ തിയറി തന്നെയുണ്ടല്ലോ. കേരളമാണ് ആ തിയറിയോട് ഏറ്റവും സമർത്ഥമായി പ്രതികരിച്ചിട്ടുള്ള ഭൂപ്രദേശം എന്ന് പറയാം. ആ രീതിയിൽ ഭരണത്തിനുള്ള ഒരു മാർക്കിടൽ തന്നെയാണ് അസംബ്ലി ഇലക്ഷനിൽ ഇവിടെ നടക്കാറുള്ളത്. നിഷ്പക്ഷരുടെ മാർക്കിടലിലൂടെ പ്രതിപക്ഷം ഭരണപക്ഷമായി മാറുകയും ചെയ്യുന്നു. എന്നാൽ ആ പൊതുപ്രവണതയെ മറികടക്കാനുള്ള വളരെ ആസൂത്രിതവും കുത്സിതവുമായ ഒരു ശ്രമം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗത്ത് നിന്നും ഇത്തവണയുണ്ടായി. 'ഭരണത്തുടർച്ച' എന്ന വാക്കിനെ ജനമനസ്സുകളിൽ കൃത്യതയോടെ പ്രതിഷ്ഠിക്കാൻ ഇടതുപക്ഷം ഇത്തവണ ഒരു നീക്കം നടത്തി. ഭരണത്തുടർച്ച എന്നത് ശരിക്കും ജനങ്ങൾക്കിടയിൽ നിന്നും രൂപപ്പെട്ട ഇംഗിതമാണോ അതോ അത്തരത്തിലുള്ള ഒരു മനോഗതിയിലേക്ക് കാമ്പയിനുകൾ ജനങ്ങളെ എത്തിച്ചതാണോ? അത് വളരെ സൂക്ഷ്മമായി തന്നെ വിലയിരുത്തേണ്ട സംഗതിയാണ്. മെയ് 2ന് തെരഞ്ഞെടുപ്പ് ഫലം വരുമ്പോൾ മാത്രമേ അക്കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയൂ. എന്നിരുന്നാലും 2020 ഡിസംബറിൽ നടന്ന തദ്ദേശ തെരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യുമ്പോൾ സംസ്ഥാന ഭരണത്തിനെതിരായ വികാരം പൊതുവിൽ ഉണ്ടായില്ല എന്നുതന്നെ പറയാം. പക്ഷെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ പലപ്പോഴും വളരെ പ്രാദേശികവും കക്ഷി രാഷ്ട്രീയത്തിന് അതീതവുമാണ്. സ്ഥാനാർത്ഥിയുടെ വ്യക്തി ബന്ധങ്ങളും കുടുംബ ബന്ധങ്ങളും വരെ തെരഞ്ഞെടുപ്പ് ഫലത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാകാറുണ്ട്. ഇടതു മുന്നണിക്ക് നേതൃത്വം നൽകുന്ന സി.പി.എമ്മിന്റെ സംഘടനാ സംവിധാനത്തിന്റെ ശക്തികൊണ്ട് അവർക്ക് പതിവായി തദ്ദേശ തെരഞ്ഞെടുപ്പുകളിൽ നേട്ടമുണ്ടാകാറുമുണ്ട്. അത് നിയമസഭാ തെരഞ്ഞെടുപ്പിൽ എപ്പോഴും ആവിധം പ്രതിഫലിക്കണമെന്നില്ല. ജനമനസ്സിന്റെ വിലയിരുത്തലായി ഉയർത്തിക്കാണിക്കപ്പെടുന്ന മറ്റൊരു സംഗതി പ്രീ പോൾ സർവ്വെ ഫലങ്ങളാണ്. സർവ്വെകൾ മിക്കതും വിശ്വസനീയമായി ആശ്രയിക്കാൻ കഴിയാത്തവയാണെന്ന് മുൻ അനുഭവങ്ങളുണ്ട്. (തുടർ ഭരണം പ്രവചിച്ച പല സർവ്വെകളും സ്ഥാനാർത്ഥി നിർണ്ണയത്തിന് മുന്നേ നടത്തിയതാണെന്ന പ്രശ്നവും നിലനിൽക്കുന്നു). പ്രീ പോൾ സർവ്വെ എന്നത് രാഷ്ട്രീയ സാഹചര്യത്തെ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുക എന്നതിനേക്കാൾ മുഖ്യധാരാ മാധ്യമങ്ങളുടെ വിഷയദാരിദ്ര്യം ആയാണ് ഇപ്പോൾ അനുഭവപ്പെടാറുള്ളത്. തെരഞ്ഞെടുപ്പ് കാലത്ത് മറ്റ് സാമൂഹിക വിഷയങ്ങൾ സംസാരിക്കുന്നതിലും 'സ്ഫോടനാത്മകത' സർവ്വെ ഫലങ്ങൾ മുൻനിർത്തിയുള്ള ചർച്ചകൾക്കുണ്ട് എന്നതിനാൽ മാത്രമാണ് എല്ലാ മുഖ്യധാരാ മാധ്യമങ്ങൾക്കും പ്രീ പോൾ സർവ്വെ ഒരു അനിവാര്യതയായി മാറിയത്. എന്നാൽ 'തുടർഭരണം' എന്നത്  ഈ സർവ്വെ ഫലങ്ങൾ വന്ന ശേഷം എൽ.ഡി.എഫ് നിശ്ചയിച്ച ഒരു കാമ്പയിൻ ആയിരുന്നില്ല. തദ്ദേശ തെരഞ്ഞെടുപ്പ് ഫലം വിലയിരുത്തിയ ശേഷമാണ്, സർക്കാർ വിരുദ്ധ വികാരം ജനങ്ങൾക്കിടയിൽ കുറവാണെന്നും ഭരണ തുടർച്ചയ്ക്ക് അനുകൂലമായ സാഹചര്യമായി അതിനെ മാറ്റിയെടുക്കണമെന്നും എൽ.ഡി.എഫ് തീരുമാനിക്കുന്നത് എന്നാണ് മനസ്സിലാക്കേണ്ടത്. അങ്ങനെ, ഭരണത്തുടർച്ചയുണ്ടാകും എന്നത് നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രാഥമിക തയ്യാറെടപ്പുകൾക്ക് മുന്നേതന്നെ ഒരു ചർച്ചയാക്കി മാറ്റാൻ എൽ.ഡി.എഫിന് കഴിഞ്ഞു. മെയ് രണ്ടിന് രണ്ടാം പിണറായി സർക്കാർ യാഥാർത്ഥ്യമാകും എന്ന സൂചനയുമായി സാമൂഹ്യ മാധ്യമങ്ങളിൽ സൈബർ പോരാളികൾ കളം നിറഞ്ഞു. 'ഉറപ്പാണ് എൽ.ഡി.എഫ്' എന്ന പിന്നീട് വന്ന ഔദ്യോഗിക പരസ്യവാചകത്തിന് അതിനെ ഒന്നുകൂടി ഉറപ്പിക്കുന്ന പണി മാത്ര

ആ നിഷ്പക്ഷ വോട്ടുകളാണ് ഭരണമാറ്റം എന്നതിനെ ഒരു ചാക്രിക പ്രക്രിയയാക്കി മാറ്റിയതും. നിഷ്പക്ഷരെ സംബന്ധിച്ച് സർക്കാരിന്റെ അഞ്ച് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലാണ് വോട്ട് ആയി അവർ കരുതുന്നത്. അത് മിക്കപ്പോഴും സർക്കാരിന്/ ഭരിക്കുന്ന പാർട്ടിക്ക് എതിരായിട്ട് തന്നെയാണ് വരാറുള്ളത്.

⇨ ആ ശ്രമത്തിന്റെ ഫലമായി എൽ.ഡി.എഫ് വീണ്ടും വരും എന്ന തോന്നൽ പല തട്ടുകളിലേക്ക് പടർന്നു ⇨



മേ ഉണ്ടായിരുന്നുള്ളൂ. ഭരണത്തുടർച്ചയെക്കുറിച്ചുള്ള ആശങ്കകളിലേക്ക് പ്രതിപക്ഷത്തിന്റെ ആലോചനകളെ ചുരുക്കുന്നതിൽ എൽ.ഡി.എഫ് വിജയിച്ചു. ആ വിധത്തിൽ ആസൂത്രണം ചെയ്യപ്പെട്ട ഒരു പദ്ധതിയായിരുന്നു തുടർഭരണം. മാറിവരുന്ന മുന്നണി ഭരണം പഴങ്കഥയാകാൻ പോവുകയാണ് എന്ന ഒരു പ്രതീതി സൃഷ്ടിക്കപ്പെടുകയും നിഷ്പക്ഷ വോട്ടർമാരുടെ ആലോചനകളിലേക്ക് അതിനെ സസൂക്ഷ്മം കടത്തിവിടുകയുമാണ് എൽ.ഡി.എഫ് ചെയ്തത്. കോവിഡിനെ പ്രതിരോധിക്കുന്നതിനും ലോക്ഡൗൺ കാലത്തെ പ്രയാസങ്ങളെ അതിജീവിക്കുന്നതിനും സർക്കാർ സംവിധാനങ്ങളും ആരോഗ്യപ്രവർത്തകരും ഒന്നടങ്കം നടത്തിയ പ്രവർത്തനങ്ങളെ മുഖ്യമന്ത്രിയുടെ മാത്രം കാര്യശേഷിയായി ചിത്രീകരിച്ചുകൊണ്ടാണ് തുടർഭരണം എന്ന ആശയത്തിന് എൽ.ഡി.എഫ് അടിത്തറയൊരുക്കിയിരിക്കുന്നത്. ഈ വ്യക്തി കേന്ദ്രീകൃത ഇമേജിനെ മുന്നിൽ പ്രതിഷ്ഠിച്ചുകൊണ്ട് ഭരണവിരുദ്ധ വികാരത്തിന് കാരണമായിത്തീരുന്ന എല്ലാ സംഭവങ്ങളെയും എൽ.ഡി.എഫ് പ്രതിരോധിക്കുകയാണുണ്ടായത്. ആ ശ്രമത്തിന്റെ ഫലമായി എൽ.ഡി.എഫ് വീണ്ടും വരും എന്ന തോന്നൽ പല തട്ടുകളിലേക്ക് പടർന്നു. ചുരുക്കത്തിൽ, തുടർഭരണം എന്ന ചിന്ത താഴെ നിന്നും മുകളിലേക്ക് വ്യാപരിക്കുകയായിരുന്നില്ല, മുകളിൽ നിന്നും താഴേക്ക് കെട്ടിയിറക്കുകയായിരുന്നു എന്ന് നിസ്സംശയം പറയാം. വരുന്ന മെയ് രണ്ടിന് എൽ.ഡി.എഫ് തന്നെ വീണ്ടും അധികാരത്തിൽ വരുന്ന സാഹചര്യമുണ്ടായാൽ, ചരിത്രം തിരുത്തപ്പെട്ടാൽ ഇക്കാര്യങ്ങൾ വീണ്ടും പുനർചിന്തിക്കേണ്ടി വരും എന്നത് മറ്റൊരു സത്യം. എന്നിരുന്നാലും ഭരണത്തുടർച്ച എന്ന ആശയത്തിന് കാമ്പയിനുകളിൽ മുൻഗണന ലഭിച്ച ഒരു തെരഞ്ഞെടുപ്പ് എന്ന നിലയിൽ ഈ നിയമസഭാ തെരഞ്ഞെടുപ്പിന് ചരിത്രത്തിൽ ഒരു സവിശേഷ സ്ഥാനമുണ്ടാകും. പക്ഷെ, ഫലം വരമ്പോൾ ജനാഭിലാഷം ആവിധം ആയിരുന്നില്ല എങ്കിൽ രാഷ്ട്രീയ വിസ്മൃതിയിലേക്ക് തുടർഭരണ ചർച്ചകൾ മറഞ്ഞുപോവുകയും ചെയ്യാം.

**എന്താണ് സർക്കാരിന് അനുകൂലമായി മാറിയത്?**

2016ൽ ഉമ്മൻ ചാണ്ടി സർക്കാർ പടിയിറങ്ങുന്ന കാലത്ത് ഭരണവിരുദ്ധ വികാരം വളരെ ശക്തമായിരുന്നു. സർക്കാർ മാറുമെന്ന തോന്നൽ ജനങ്ങൾക്കിടയിൽ വളരെ പ്രകടം. സോളാർ കേസുമായി ബന്ധപ്പെട്ടുണ്ടായ വിവാദങ്ങളാണ് സർക്കാരിനെതിരായ ജനരോഷത്തെ ആളിക്കത്തിച്ചത്. പ്രതിപക്ഷത്തിന് ഫലപ്രദമായി ആ എരിതീയിലേക്ക് എണ്ണപകരാൻ കഴിയുകയും ചെയ്തു. കെ.എം. മാണിയുമായി ബന്ധപ്പെട്ട ബാർ കോഴ കേസും സർക്കാരിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിച്ചു. സമാനമായ സാഹചര്യത്തിലൂടെ ശരിക്കും എൽ.ഡി.എഫ് സർ

ക്കാരും അവസാന നാളുകളിൽ കടന്നുപോയിരുന്നു. സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട വിവാദങ്ങൾ മുഖ്യമന്ത്രിയുടെ ഓഫീസിനെ സംശയത്തിന്റെ നിഴലിലാക്കി. പ്രിൻസിപ്പിൾ ചീഫ് സെക്രട്ടറി പദവിയിലുണ്ടായിരുന്ന എം. ശിവശങ്കരൻ ജയലിലായി. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കമ്മീഷൻ ഇടപാടുകളിലേക്കും ഡോളർ കടത്തിലേക്കും എല്ലാം ആ കേസ് നീണ്ടു. നിയമസഭാ സ്പീക്കറും മന്ത്രിയും ചോദ്യം ചെയ്യപ്പെട്ടു. വിദേശ കൺസൾട്ടൻസികളുമായി സർക്കാരുണ്ടാക്കിയ സംശയാസ്പദമായ കരാറുകൾ ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നു. സെക്രട്ടേറിയറ്റിനുള്ളിൽ കൺസൾട്ടൻസികളുടെ ഒരു സമാന്തര ഭരണം തന്നെ നടക്കാൻ തുടങ്ങിയതിന്റെ തെളിവുകൾ വെളിപ്പെട്ടു. സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട ഈ വിവാദങ്ങളിൽ അവസാനിച്ചില്ല സർക്കാരിനെതിരായ ആരോപണങ്ങൾ. പി.എസ്.സിയെ മറികടന്നുള്ള നിയമനങ്ങളും ഇടതുപക്ഷത്തിന്റെ പൊതു നിലപാടിന് വിരുദ്ധമായി ഇ.എം.സി.സി എന്ന കമ്പനിയുമായി ഒപ്പുവച്ച ആഴക്കടൽ മത്സ്യബന്ധന കരാറും അവസാനകാലത്ത് സർക്കാരിന് വലിയ രീതിയിൽ ക്ഷീണം ചെയ്തു. പ്രതിപക്ഷം ഏറെക്കുറെ ഫലപ്രദമായി ഇക്കാര്യങ്ങൾ ജനങ്ങൾക്ക് മുന്നിൽ വയ്ക്കുകയും ചെയ്തു. എന്നാൽ ഈ അഴിമതി ആരോപണങ്ങളൊന്നും ഭരണവിരുദ്ധ വികാരമായി വേണ്ടത്ര മാറുന്നില്ല എന്നതാണ് തെരഞ്ഞെടുപ്പ് കാലത്ത് പൊതുവെ അനുഭവപ്പെട്ട കാര്യം.

അതിലും പ്രധാനമായി ചില സവിശേഷതകൾ ജനങ്ങൾ പിണറായി സർക്കാരിൽ കണ്ടു എന്ന് വേണം മനസ്സിലാക്കാൻ. അതിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് കഴിഞ്ഞ കുറച്ച് വർഷങ്ങളായി, പ്രത്യേകിച്ച് 2018-19 വർഷങ്ങളിലെ പ്രളയവും 2020 ലെ കോവിഡ് വ്യാപനവും സൃഷ്ടിച്ച പ്രതിസന്ധികളെ സർക്കാർ നേരിട്ട രീതിയാണ്. ക്രൈസിസ് മാനേജ്മെന്റ് എന്ന ചുമതല കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഭരണസംവിധാനങ്ങൾക്ക് കഴിഞ്ഞു എന്നതാണ് സർക്കാരിന് അനുകൂലമായി മാറിയത്. പ്രളയ ദുരന്തങ്ങളെയും കോവിഡിനെയും സർക്കാർ നേരിട്ട രീതികളിൽ പല പ്രശ്നങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും പൊതുവെ ഭേദപ്പെട്ട നിലയിലാണ് ദുരിതകാല അഡ്മിനിസ്ട്രേഷൻ നടന്നതെന്ന് പറയാം. ജനങ്ങളുമായി നിരന്തരം സംസാരിച്ച പ്രസ് മീറ്റുകളിലൂടെ കാര്യപ്രാപ്തിയുള്ള ഒരു അഡ്മിനിസ്ട്രേറ്ററുടെ ഇമേജ് മുഖ്യമന്ത്രിക്ക് നിലനിർത്താനും കഴിഞ്ഞു. 2016ൽ അധികാരത്തിൽ എത്തുന്ന കാലത്ത് പോലും ഇല്ലാതിരുന്ന ജനകീയത പിണറായി വിജയൻ ഇതുവഴി നേടിയെടുത്തു. ആധുനിക രാഷ്ട്രതന്ത്രജ്ഞതയിലെ അനിവാര്യതയായ പബ്ലിക് റിലേഷൻസ് അഭ്യാസങ്ങൾ നന്നായി പരിശീലിച്ച ഒരു നേതാവായി പിണറായി വിജയൻ മാറിയത് സർക്കാരിനും ഗുണമായി. 'ദുരിതകാലത്തെ കരുതൽ' എന്ന പ്രൊപ്പഗണ്ടയെ സർക്കാരിന് അനുകൂലമായ രീതിയിലുള്ള വിധിയെഴുത്തായി മാറ്റുന്നതിൽ പിണറായി വിജയൻ വളരെ മികച്ച രീതിയിലുള്ള മെയ്‌വഴക്കം കാണിക്കുകയുണ്ടായി. സർക്കാരിനെതിരായി വന്ന വളരെ ഗൗരവ സ്വഭാവമുള്ള പല ആരോപണങ്ങളെയും അപ്രസക്തമാക്കുന്ന വിധത്തിലുള്ള ഒന്നായി 'ദുരിതകാലത്തെ കരുതൽ' മാറി. ഇതായിരുന്നു ഭരണ തുടർച്ച എന്ന തുറുപ്പു ചീട്ടിന്റെ അടിത്തറയും. കേരള സമൂഹത്തിന്റെ നിലപാടുകളെ സ്വാധീനിക്കുന്നതരത്തിൽ ഈ പ്രൊപ്പഗണ്ട മെഷീനറി വിജയിച്ചോ എന്നറിയാൻ തെരഞ്ഞെടുപ്പ് ഫലം വരെ കാത്തിരിക്കേണ്ടി വരും. ഭരണ തുടർച്ചയുണ്ടാവുകയാണെങ്കിൽ പ്രൊപ്പഗണ്ട മെഷീനറി വിജയിക്കുകയും സർക്കാരിനെതിരെ ഉയർന്നുവന്ന നിർണ്ണായകമായ വിഷയങ്ങൾക്ക് അകാല മരണം സംഭവിക്കുകയും ചെയ്യും എന്നതാണ് പ്രതിസന്ധി.

**ചുരുങ്ങുന്ന ഇടങ്ങൾ**

ഓരോ തെരഞ്ഞെടുപ്പ് കഴിയുമ്പോഴും ജനാധിപത്യത്തിൽ സംവാദത്തിന്റെ ഇടങ്ങൾ കൂടുതൽ ചുരുങ്ങുന്നതായാണ് അനുഭവപ്പെടുന്നത്. അരനൂറ്റാണ്ടിലധികമായി തുടരുന്ന മുന്നണി ഭരണം എന്ന ആവർത്തനത്തിനുള്ളിലാണ് കേരളത്തിലെ തെരഞ്ഞെടുപ്പ് ചർച്ചകൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. മാധ്യമങ്ങൾക്കെല്ലാം അതിലുപരിയായൊന്നും പറയാനില്ല എന്നതാണ് നിലവിലെ സ്ഥിതി. ആരായിരിക്കും സ്ഥാനാർത്ഥി എന്നതാണ് തെരഞ്ഞെടുപ്പിന് മുന്നേയുള്ള മാധ്യമങ്ങളുടെ പ്രധാന ചർച്ച. സ്ഥാനാർത്ഥി നിർണ്ണയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വാഗ്വാദങ്ങളും ഒക്കെയായി ഒരു മാസത്തോളം അത് നീണ്ടുനിൽക്കും. പ്രചാരണം തുടങ്ങുന്നതോടെ ആർക്കായിരിക്കും വിജയം എന്നതാണ് പിന്നീടുള്ള പ്രധാന ചർച്ച. സ്ഥാനാർത്ഥികൾക്കും നേതാക്കൾക്കുമൊപ്പം നടക്കുകയും വാർത്തകൾ അവരുടെ പ്രസ്ഥാവനകളിൽ കേന്ദ്രീകരിക്കുകയും ചെയ്യും. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് അത്തരത്തിലുള്ള എത്രയോ അർത്ഥശൂന്യമായ പ്രസ്ഥാവനകളാണ് മാധ്യമങ്ങൾ ആഴ്ചകളോളം ചർച്ച ചെയ്തത്. പോപ്പുലിസ്റ്റ് മാധ്യമങ്ങൾ പ്രസ്താവ



നകളാൽ നയിക്കപ്പെടുകയും പ്രസ്താവനകൾ സംവാദങ്ങളാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു. ഡിജിറ്റൽ മാധ്യമങ്ങളുടെ അതിപ്രസരം പ്രതിലോമകരമായ ഈ പ്രസ്താവനാ പോരിന് അനാവശ്യ പ്രാധാന്യം നൽകുന്ന കാഴ്ചയും ഇത്തവണ വളരെ കൂടുതലായിരുന്നു. മാധ്യമങ്ങളുടെ ഈ സമീപനം രാഷ്ട്രീയത്തെ കേവലം പാർലമെന്ററി പൊളിറ്റിക്സായി ചുരുക്കുകയാണ് ചെയ്യുന്നത്. വസ്തുതാവിരുദ്ധമായ ആരോപണ പ്രത്യാരോപണങ്ങളുടെയും അസത്യപ്രചാരണങ്ങളുടെയും 'ഷെയർ പെരുക്കത്തിലൂടെ' സോഷ്യൽ മീഡിയ ഈ പ്രവണതയുടെ ആഴം കൂട്ടുന്നു. ജനാധിപത്യം എന്നത് രാഷ്ട്രീയ പാർട്ടികൾക്കും അവരുടെ നേതൃത്വങ്ങൾക്കും അപ്രമാദിത്വമുള്ള ഒരിടമായി അവതരിപ്പിക്കപ്പെടുന്നു. ജനാധിപത്യത്തിലെ ജനങ്ങളുടെ പങ്ക് എന്നത് ഇവരിൽ ആരെ തെരഞ്ഞെടുക്കണം എന്നത് മാത്രമായി ന്യൂനീകരിക്കപ്പെടുന്നു.

ചർച്ചകൾ മുന്നണി രാഷ്ട്രീയം എന്ന കുറ്റിയിൽ ചുറ്റിത്തിരിയാൻ തുടങ്ങിയതോടെ ജനകീയ സമരങ്ങളും മനുഷ്യാവകാശ മുന്നേറ്റങ്ങളും നവസാമൂഹ്യ പ്രസ്ഥാനങ്ങളുമെല്ലാം ഉന്നയിക്കുന്ന വളരെ ഗൗരവമേറിയ രാഷ്ട്രീയ വിഷയങ്ങൾ തെരഞ്ഞെടുപ്പ് സംവാദങ്ങളിൽ നിന്നും പുറത്താക്കപ്പെടുന്നു. അധികാരത്തിൽ പങ്കുചേരുന്ന സാമ്പ്രദായിക രാഷ്ട്രീയ പാർട്ടികൾക്ക് പുറത്ത്, സിവിൽ സമൂഹത്തിന് ഒരു ശബ്ദമുണ്ടെന്നത് തെരഞ്ഞെടുപ്പ് കാലത്ത് കേൾക്കാൻ കഴിയാത്ത സ്ഥിതിയാണുണ്ടായിരിക്കുന്നത്. ഈ ശബ്ദമില്ലായ്മ ജനാധിപത്യത്തെ തന്നെ നിർവ്വീര്യമാക്കുകയും സമഗ്രാധിപത്യ വാഴ്ചയിലേക്ക് പാർലമെന്ററി സംവിധാനത്തെ പരിവർത്തിപ്പിക്കുകയും ചെയ്യും എന്ന അപകടം ഏറെ അകലത്തല്ല.

### വ്യക്തികൾ ബിംബങ്ങളാകുമ്പോൾ

രാഷ്ട്രീയ പാർട്ടി നേതൃത്വങ്ങൾ നിയമസഭയിൽ ജനങ്ങളുടെ പ്രതിനികളായെത്തുന്ന ഇന്ത്യയിലെ ബഹുകക്ഷി ജനാധിപത്യ പ്രക്രിയയിൽ നേതാക്കളുണ്ടാവുക എന്നത് ഒരു സ്വാഭാവികയാണ്. എല്ലാക്കാലത്തുമുണ്ടായിരുന്നു നമുക്ക് മികച്ച ഭരണാധികാരികൾ, മികച്ച പാർലമെന്റേറിയൻസ്. എന്നാൽ തെരഞ്ഞെടുപ്പ് പ്രചാരണം തികച്ചും വ്യക്തികേന്ദ്രീകൃതമായി മാറുന്നതിന്റെ മോശപ്പെട്ട പ്രകടനങ്ങളാണ് ഇത്തവണ നിയമസഭാ തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞത്. രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള നയപരമായ വ്യത്യാസങ്ങളേക്കാൾ വ്യക്തിഗത മേന്മകൾക്ക് പ്രാമുഖ്യം ലഭിക്കുന്ന ഇടമായി തെരഞ്ഞെടുപ്പ് മാറുന്നു. പിണറായിക്കാണോ ഉമ്മൻ ചാണ്ടിക്കാണോ അതോ രമേശിനോ കുഞ്ഞാപ്പയ്ക്കോ കുമ്മനത്തിനോ ആണോ കൂടുതൽ മാർക്ക് നൽകേണ്ടത് എന്നതാണ് ജനങ്ങൾക്ക് മുന്നിലേക്ക് എത്തുന്ന ചോദ്യം. നരേന്ദ്രമോദിയെ 'ദേശീയ വീരപുരുഷ'നായി ബിംബവത്കരിച്ചുകൊണ്ട് നടന്ന 2014ലെയും 2019ലെയും ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം എല്ലാ രാഷ്ട്രീയപാർട്ടികളും ബിംബവത്കരണത്തിൽ വല്ലാതെ അഭിരമിക്കുന്നതായി കാണാം. 'ഇരട്ടച്ചങ്കൻ' പിണറായി വിജയൻ മാത്രമല്ല, 'കരുണാമയൻ' ഫിറോസ് കുന്നുംപറമ്പിൽ വരെയുള്ള പലതരം വൈകാരികതകളുടെ ബിംബവത്കരണങ്ങൾ ഈ ഇലക്ഷനിൽ കടന്നുവന്നിരുന്നു. വ്യക്തികൾ കേന്ദ്രബിന്ദുവാ

കുന്നതോടെ രാഷ്ട്രീയം നയരഹിതമാകുന്നു. പകരം, വ്യക്തിയുടെ തികച്ചും സ്വയംകൃതമായ ശേഷികളും ഗുണങ്ങളുമാണ് അവിടെ പ്രധാനമായി വരുന്നത്. മാനിഫെസ്റ്റോയിൽ എന്താണ് പറയുന്നതെന്നും നാടിനെ പൊതുവായി ബാധിക്കുന്ന വിഷയങ്ങളിൽ നയപരമായ എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്നും അന്വേഷിക്കുന്നവർ കുറയുന്നു. അത്തരത്തിൽ ശക്തിപ്പെടുന്ന വ്യക്തിഗത പ്രാമുഖ്യം സമഗ്രാധിപത്യത്തിന് വഴിതുറക്കുന്ന മറ്റൊരു കവാടമായി മാറുന്നു. ഫാസിസം ആദ്യം നുണകളിലധിഷ്ഠിതമായ പരികല്പനകൾ നിർമ്മിക്കുന്നു. പിന്നീട് അതിനെ സാധൂകരിക്കാൻ നുണകളിലേക്ക് വസ്തുതകളെ വക്രീകരിച്ച് തുന്നിച്ചേർക്കുന്നു. അതും കഴിഞ്ഞ് ആ നുണകൾകൊണ്ട് ഭരിക്കാൻ കഴിയുന്ന നേതൃത്വങ്ങളെ നിർമ്മിച്ചെടുക്കുന്നു. ഫാസിസത്തെക്കുറിച്ച് പറയാറുള്ള ഈ പ്രമാണത്തെ സാധൂകരിക്കുന്നതരത്തിലാണ് ചില ബിംബങ്ങൾ തെരഞ്ഞെടുപ്പിൽ രൂപപ്പെട്ടുവരുന്നത്.

**പണമുണ്ടോ പണം?**

പണക്കൊഴുപ്പ് വിജയപരാജയങ്ങളെ നിർണ്ണയിക്കുന്നതിൽ ഒരു മുഖ്യഘടകമായി മാറിയിരിക്കുകയാണ് തെരഞ്ഞെടുപ്പുകളിൽ. ഓരോ തെരഞ്ഞെടുപ്പ് കാലം കഴിയുമ്പോഴും രാഷ്ട്രീയ പാർട്ടികൾ ഒഴുക്കുന്ന പണത്തിന്റെ അളവ് പെരുകുകയാണ്. പ്രചാരണങ്ങൾക്ക് പല തരത്തിലുള്ള മാധ്യമരൂപങ്ങൾ ലഭ്യമായ കാലത്ത് എല്ലായിടത്തും കടന്നുകയറാനും നിറഞ്ഞുനിൽക്കാനും വേണ്ടി പണം ഒരുപാട് ഒഴുക്കേണ്ടിവരും. അതുകൂടാതെ ബൂത്ത് തലത്തിൽ വരെ ദൃശ്യതയ്ക്കും ഗൃഹസന്ദർശനങ്ങൾക്കുമായി വൻ തുകയാണ് ഇപ്പോൾ മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ ചിലവഴിക്കുന്നത്. തദ്ദേശീയമായി പിരിച്ചെടുക്കുന്ന പണത്തേക്കാളേറെ മുകൾത്തട്ടിൽ നിന്നും കൈമാറുന്ന പണം ഉപയോഗിച്ചാണ് ഇന്ന് പ്രവർത്തകർ ചലിക്കുന്നത്.

നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർഥിക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 30.80 ലക്ഷം രൂപയാണ്. എന്നാൽ, രാഷ്ട്രീയപാർട്ടികൾക്ക് ചെലവഴിക്കാവുന്ന തുകയ്ക്ക് പരിധിയില്ല. ഈ പഴുതിലൂടെയാണ് പണം തെരഞ്ഞെടുപ്പിലേക്ക് ഒഴുകിയെത്തുന്നത്. ഹെലികോപ്റ്ററിൽ പറന്നു നടക്കുന്ന സ്ഥാനാർത്ഥികളും വിമാനങ്ങളിൽ പറന്നെത്തുന്ന ദേശീയ നേതാക്കളുമെല്ലാം പണത്തിന്റെ അതിപ്രസരത്തിന് തെളിവാണ്. അനധികൃതമായി ചിലവഴിക്കുന്ന പണം വേറെയുമുണ്ട്. സീറ്റ് കിട്ടാനും പ്രവർത്തകരെ കൂടെ നിർത്താനും വോട്ടു കിട്ടാനും വരെ പണം ഒഴുക്കുന്നവർ കൂടി വരുകയാണ്. 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആകെ ഒഴുകിയത് 55,000 കോടി രൂപയാണെന്ന് ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സി.എം.എസ് (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്) നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഇതിലെ 20 ശതമാനം തെരഞ്ഞെടുപ്പ് നടത്തുന്നതിനായി കമ്മീഷന്റെ നിർദേശപ്രകാരം ഔദ്യോഗികവും നിയമപരവുമായി ചെലവഴിക്കുന്നതാണ്. 35ശതമാനം പ്രചാരണത്തിനായും 25ശതമാനം വോട്ടർമാർക്ക് കോഴ നൽകുന്നതിനായും 20 ശതമാനം മറ്റ് ആവശ്യങ്ങൾക്കുമായുമാണ് വിനിയോഗിക്കപ്പെടുന്നതെന്ന് സി.എം.എസ് പറയുന്നു. ഇതിലേറെയും കള്ളപ്പണമാണ് എന്ന് വ്യക്തമാണ്. ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കാൻ വേണ്ടി കോടിക്കണക്കിന് രൂപയുടെ കള്ളപ്പണം ബി.ജെ.പി കേരളത്തിലേക്ക് കൊണ്ടുവന്നത് വാർത്തയായിരുന്നല്ലോ. തെരഞ്ഞെടുപ്പിലേക്ക് കൊണ്ടുവന്ന ആ മൂന്നരക്കോടി രൂപ പാർട്ടി നേതൃത്വം തന്നെ തട്ടിയെടുത്തപ്പോഴാണ് സംഭവം വാർത്തയായതെന്നും ആക്ഷേപം ഉയരുന്നുണ്ട്. ഇത് അവിചാരിതമായി പുറത്തുവന്ന ഒരു സംഭവം മാത്രം. ഇതുപോലെ എത്രയോ പണം പല വഴിക്കും ഒഴുകിയിട്ടുണ്ടാകും. എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ മുന്നണികളുടെ പ്രചാരണങ്ങളിൽ അത് ദൃശ്യമാവുകയും ചെയ്തു. എന്നാലും പരമാവധി ഒന്നോ രണ്ടോ സീറ്റ് മാത്രം പ്രതീക്ഷയുള്ള ബി.ജെ.പിയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പണമൊഴുക്കുന്നത് എന്നതാണ് വിരോധാഭാസം. ദേശീയപാർട്ടി എന്ന നിലയിലുള്ള ധനശേഷിയുടെ ഹുങ്കും എതുവിധേനെയും കേരളത്തിൽ വേരുറപ്പിക്കാനുള്ള ശ്രമവുമായി ഇതിനെ കാണാം. 2016ൽ കേവലം ഒരു സീറ്റ് മാത്രം നേടിയ ബിജെപി 43 കോടി രൂപയാണ് തെരഞ്ഞെടുപ്പ് കമീഷന് സമർപ്പിച്ച കണക്ക് പ്രകാരം പ്രചാരണ പ്രവർത്തനങ്ങൾക്കായി കേരളത്തിൽ ചെലവഴിച്ചത്. ഈ തുക ഇത്തവണ ഇരട്ടിയിലധികമാകും എന്നുറപ്പ്. കോർപ്പറേറ്റുകൾ നൽകുന്ന സംഭാവനയാണ് ഈ പണത്തിന്റെ പ്രധാന സ്രോതസ്സ്. ദേശീയതലത്തിൽ ക്ഷീണം സംഭവിച്ചതോടെ കോൺഗ്രസ്സിന് പണമിറക്കാൻ പണ്ടത്തെപ്പോലെ കഴിയുന്നില്ല. ഇടതുപക്ഷത്തിന് ദേശീയതലത്തിൽ പണം സ്വരൂപിക്കാൻ സാധ്യതകളുമില്ല. കേരളത്തിലെ മുതലാളിമാരാണ് എൽ.ഡി.എഫിനെ കാര്യമായി സഹായിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ അവർക്ക് വേണ്ടിയുള്ള പലതരം ഇളവുകൾ പിണറായി സർക്കാർ പ്രത്യേകം പരി

ഗണിച്ചിട്ടുമുണ്ട് (പാറ ഖനനത്തിനുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചത് അതിൽ ഒരു ഉദാഹരണം മാത്രം).

തെരഞ്ഞെടുപ്പ് രംഗത്തെ കള്ളപ്പണത്തിന്റെ സ്വാധീനം കുറയ്ക്കുന്നതിനായി 2018ൽ കൊണ്ടുവന്ന ഇലക്ട്രൽ ബോണ്ട് സംവിധാനവും വേണ്ടത്ര ഫലപ്രദമായില്ല എന്നുതന്നെ വിലയിരുത്താം. 2018 മാർച്ച് മുതൽ 2021 ജനുവരിവരെ 6534.78 കോടി രൂപയാണ് ഇലക്ട്രൽ ബോണ്ടായി വ്യക്തികളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർടികൾക്ക് നൽകിയത്. ഇതിലെ ഭൂരിപക്ഷവും ലഭിച്ചത് ബി.ജെ.പിക്കാണ് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പണമിറക്കി മാത്രം വിജയം കാണാൻ കഴിയുന്ന ഒരു സ്ഥിതി കേരളത്തിൽ ഇല്ല എങ്കിലും ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയെപോലും അട്ടിമറിക്കാൻ കഴിയുന്നതരത്തിലുള്ള പ്രചാരണ കോലാഹലം സൃഷ്ടിക്കാൻ പണക്കൊഴുപ്പിന് കഴിയുന്നുണ്ട്. അത് ഭാവിയിൽ കൂടുതൽ അപകടകരമായി മാറാൻ ഇടയുണ്ടെന്ന് നിസ്സംശയം പറയാം.

**സ്ത്രീ പ്രാതിനിധ്യമോ; അതെന്താ?**

സ്ത്രീകളുടെ തുല്യപദവി എന്നത് ഏറെ ചർച്ച ചെയ്യപ്പെടുകയും സമത്വാധിഷ്ഠിതവും നീതിയുക്തവുമായ നയങ്ങൾ പലയിടങ്ങളിലും രൂപീകൃതമാവുകയും ചെയ്യുന്ന കാലമായിട്ടും നിയമസഭാ തെരഞ്ഞെടുപ്പിൽ സ്ത്രീകളുടെ പ്രാതിനിധ്യം എന്നത് ഇത്തവണയും വളരെ ക്കുറവായിരുന്നു. രാഷ്ട്രീയ മണ്ഡലത്തിൽ നിന്നും ഭരണനിർവ്വഹണത്തിൽ നിന്നുമുള്ള സ്ത്രീകളുടെ അകറ്റിനിർത്തലിന് ആക്കം കൂട്ടുന്നതരത്തിലുള്ള സ്ഥാനാർത്ഥി ലിസ്റ്റാണ് എല്ലാ മുന്നണികളും മുന്നോട്ടുവച്ചത്. പൊതുഇടം പുരുഷന്റെയും ഗാർഹിക ഇടം സ്ത്രീയുടേതും എന്ന നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന സാമൂഹ്യബോധത്തെയാണ് സാമ്പ്രദായിക രാഷ്ട്രീയ പാർട്ടികൾ ഇപ്പോഴും പിൻപറ്റുന്നതെന്ന് ഈ ലിസ്റ്റ് വ്യക്തമാക്കുന്നു. പുരുഷകേന്ദ്രീകൃതമായ കുടുംബഘടനയിൽ നിന്നും പുറത്തുവന്ന് പൊതുപ്രവർത്തനം നടത്താൻ ശ്രമിക്കുന്ന സ്ത്രീകൾ എല്ലാ രാഷ്ട്രീയ പാർട്ടികളിലും ഉണ്ടെങ്കിലും അവർ പതിവായി അവഗണിക്കപ്പെടുന്നു. തദ്ദേശ തെരഞ്ഞെടുപ്പിൽ 50 ശതമാനം സ്ത്രീപ്രാതിനിധ്യം നിയമപരമായി നിർബന്ധമാക്കിയതിന്റെ ഒട്ടേറെ നേട്ടങ്ങൾ അനുഭവിക്കുന്ന നാടാണിത്. ശുചീകരണ തൊഴിലാളികളായിരുന്ന സ്ത്രീകൾ അതേ തദ്ദേശസ്ഥാപനത്തിലെ അദ്ധ്യക്ഷരായി മാറിയ കഥകൾ കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്തും നമ്മൾ ഏറെ ആഘോഷിച്ചിരുന്നു. കെ.കെ. ശൈലജ എന്ന കാര്യപ്രാപ്തിയുള്ള ഒരു ആരോഗ്യമന്ത്രിയുടെ ഗുണം കഴിഞ്ഞ അഞ്ച് വർഷം കേരളം അനുഭവിച്ചിട്ടും നിയമസഭാ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി പട്ടിക പുരുഷാരവമായി തുടരുകയാണ്. തലമുണ്ഡനം ചെയ്ത് മുതിർന്ന കോൺഗ്രസ് നേതാവ് ലതികാ സുഭാഷ് പ്രതികരിക്കുകയും പാർട്ടിയിൽ നിന്നും രാജിവച്ച് മത്സരിക്കുകയും ചെയ്തിട്ടും അതൊന്നും കാര്യമായ ചർച്ചയായില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സ്ത്രീ സംഘടനകൾ എല്ലാവർഷവും പതിവുപോലെ ഈ പുരുഷ ലിസ്റ്റിനോട് വിയോജിപ്പ് രേഖപ്പെടുത്താറുണ്ട്. അത് ഇത്തവണയും തുടർന്നു എന്നതല്ലാതെ ഫലപ്രദമായ ഒരു ഇടപെടൽ എവിടെ നിന്നും ഉണ്ടായിട്ടില്ല. നിമയം വഴിയോ അതല്ലെങ്കിൽ ശക്തമായ ഇടപെടലുകളിലൂടെയോ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ കേരള നിയമസഭ പുരുഷപ്രജകളെ മാത്രം പ്രതിനിധികരിക്കുന്ന ഒരു ആണിടമായി മാറും. ഇരുപത്തൊന്നാം നൂറ്റാണ്ടില്ലെങ്കിലും അതിന് മാറ്റമുണ്ടാക്കാൻ നമുക്ക് കഴിയേണ്ടതല്ലേ. വിദ്യാഭ്യാസത്തിലും സാമൂഹ്യനീതിയിലും കേരളത്തിലേക്കാൾ പിന്നിലാണെന്ന് പറയപ്പെടുന്ന സംസ്ഥാനങ്ങളിൽ പോലും വനിതാ മുഖ്യമന്ത്രിമാർ ഉണ്ടായിട്ടുണ്ട് എന്ന കാര്യം മറക്കരുത്.

നിമയം വഴിയോ അതല്ലെങ്കിൽ ശക്തമായ ഇടപെടലുകളിലൂടെയോ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ കേരള നിയമസഭ പുരുഷപ്രജകളെ മാത്രം പ്രതിനിധികരിക്കുന്ന ഒരു ആണിടമായി മാറും. ഇരുപത്തൊന്നാം നൂറ്റാണ്ടില്ലെങ്കിലും അതിന് മാറ്റമുണ്ടാക്കാൻ നമുക്ക് കഴിയേണ്ടതല്ലേ. വിദ്യാഭ്യാസത്തിലും സാമൂഹ്യനീതിയിലും കേരളത്തിലേക്കാൾ പിന്നിലാണെന്ന് പറയപ്പെടുന്ന സംസ്ഥാനങ്ങളിൽ പോലും വനിതാ മുഖ്യമന്ത്രിമാർ ഉണ്ടായിട്ടുണ്ട് എന്ന കാര്യം മറക്കരുത്.

**അരാഷ്ട്രീയ ഗ്രൂപ്പുകളുടെ ഉദയം**

പരമ്പരാഗത രാഷ്ട്രീയ പാർട്ടികൾ മാത്രം കൈയടക്കിവച്ചിരുന്ന തെരഞ്ഞെടുപ്പ് ഗോദയിലേക്ക് ചില പുതിയ ഗ്രൂപ്പുകൾ കടന്നുവന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പാണ് ഇത്. ചെറിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വതന്ത്രരും ജനകീ

യ സമരപ്രതിനിധികളും വരെ തെരഞ്ഞെടുപ്പിൽ മത്സരിക്കാറുണ്ടെങ്കിലും മുഖ്യധാരാ രാഷ്ട്രീയ കക്ഷികളോട് കിടപിടിക്കാൻ ശേഷിയുള്ള സംഘങ്ങൾ തെരഞ്ഞെടുപ്പ് രംഗത്ത് പൊതുവെ കുറവായിരുന്നു. ആ ശൂന്യതയിലേക്കാണ് ട്വന്റി-ട്വന്റി കിഴക്കമ്പലം കടന്നുവന്നിരിക്കുന്നത്. 2014ൽ നടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ തന്നെ കിഴക്കമ്പലം പഞ്ചായത്ത് ഭരണം പിടിച്ചെടുത്തുകൊണ്ട് ട്വന്റി-ട്വന്റി ഒരു നിർണ്ണായക കൂട്ടായ്മയായി മാറിയിരുന്നു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിലെ കിഴക്കമ്പലം, ഐക്കരനാട്, മഴുവന്നൂർ, കുന്നത്തുനാട് എന്നീ പഞ്ചായത്തുകളിൽ ഭരണവും വെങ്ങോല പഞ്ചായത്തിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയും ഒമ്പത് ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളും രണ്ട് ജില്ലാ പഞ്ചായത്ത് ഡിവിഷനുകളും സ്വന്തമാക്കിയത് ട്വന്റി-ട്വന്റി കൂട്ടായ്മയാണ്. ഇനി തങ്ങളുടെ ലക്ഷ്യം നിയമസഭാ തെരഞ്ഞെടുപ്പാണ് എന്ന് അന്നുതന്നെ അവ് പ്രഖ്യാപിക്കുകയും ഈ തെരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിലെ മിക്ക അസംബ്ലി മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തുകയും ചെയ്തു. ചില മണ്ഡലങ്ങളിൽ അവർ വിജയം പ്രതീക്ഷിക്കുമ്പോൾ മറ്റിടങ്ങളിൽ നിർണ്ണായക വോട്ട് ഉറപ്പാക്കുകയും ചെയ്യുന്നു. സാമ്പ്രദായിക രാഷ്ട്രീയ പാർട്ടികളുടെ പലവിധ പോരായ്മകൾ ആകാം ജനങ്ങളെ ഇത്തരം സംഘങ്ങളിലേക്ക് ആകൃഷ്ടരാക്കുന്നത്. എന്നാൽ ക്ഷേമം എന്ന കേവലമായ ആശയത്തിനപ്പുറം നയപരിപാടികളൊന്നും ഇല്ലാത്ത ട്വന്റി-ട്വന്റി സംഘം നവ ഉദാരവത്കരണം രൂപപ്പെടുത്തിയ പുതിയ മലയാളി മനോഘടനയിൽ വലിയ സ്വീകാര്യരായി മാറുകയാണ്. രാഷ്ട്രീയം പറയാതിരിക്കുകയും സദ്ഭരണത്തെക്കുറിച്ച് മാത്രം സംസാരിക്കുകയും ചെയ്യുന്ന ഇത്തരം ഗ്രൂപ്പുകൾ ജനാധിപത്യ വ്യവസ്ഥയെ അരാഷ്ട്രീയവത്കരിക്കുകയാണ് ചെയ്യുന്നത്. കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി മോഡലിന്റെ കാരുണ്യമാണ് ഇവരുടെ അടിത്തറ. 21ാം നൂറ്റാണ്ടിൽ രൂപപ്പെട്ടുവന്ന കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി എന്ന ആശയം തന്നെ കോർപ്പറേറ്റുകളുടെ അനിയന്ത്രിതമായ ചൂഷണത്തിനെതിരായ മനോഭാവത്തേയും പ്രക്ഷോഭങ്ങളെയും തടയുക എന്നതിന്റെ ഭാഗമായിരുന്നു. കോർപ്പറേറ്റ് എത്തിക്സിന്റെ ഭാഗമായി 2013ൽ കേന്ദ്ര കമ്പനി ആക്ടിന്റെ 135-ാം വകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (സിഎസ്ആർ ഫണ്ട്) എന്നത് നിർബന്ധിതമാക്കിയപ്പോഴാണ് ഇന്ത്യൻ കമ്പനികൾ സാമൂഹിക പ്രതിബദ്ധതാ പദ്ധതികളുമായി മുന്നോട്ടുവന്നത്.

അങ്ങനെ തങ്ങളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് ചെലവഴിക്കുന്നതിനായി 2013ൽ ചാരിറ്റബിൾ ട്രസ്റ്റായി രൂപീകരിക്കപ്പെട്ട ട്വന്റി-ട്വന്റി വളരെ ആസൂത്രിതമായി തെരഞ്ഞെടുപ്പ് രംഗത്തേക്ക് കടന്നുവരുകയായിരുന്നു. തങ്ങളുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നിർബന്ധിതമായി ചെയ്യേണ്ട കാര്യങ്ങൾ ഔദാര്യമായി പ്രതിഫലിപ്പിച്ചുകൊണ്ടാണ് അവർ ജനങ്ങളെ വരുതിയിലാക്കിയത്. വൻകിട കമ്പനികൾ അവരുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതികളെ രാഷ്ട്രീയ മൂലധനമായി ഉപയോഗിച്ചാൽ അധികാരത്തിലെത്താൻ അത് ഉപകരിക്കും എന്നതിന് തെളിവാണ് ട്വന്റി-ട്വന്റി. ഇത് വൈകാതെ കമ്പനി ഭരണമായി മാറുമെന്നും ഔദാര്യങ്ങളല്ല, അവകാശങ്ങളാണ് ജനാധിപത്യത്തിന്റെ അടിത്തറയെന്നും ജനങ്ങൾ തന്നെ തിരിച്ചറിഞ്ഞില്ലെങ്കിൽ അപകടകരമായ സ്ഥിതിയിലേക്ക് ഈ പ്രവണതമാറും. ട്വന്റി-ട്വന്റിയുടെ മാതൃക പിന്തുടർന്ന് സമാന സ്വഭാവമുള്ള പല ഗ്രൂപ്പുകളും തെരഞ്ഞെടുപ്പ് രംഗത്തേക്ക് കടന്നുവരുന്നുണ്ട്. തീർച്ചയായും പുതിയ രാഷ്ട്രീയപാർട്ടികൾ ഉണ്ടായിവരുന്നത് ജനാധിപത്യ വ്യവസ്ഥയിൽ വളരെ സ്വാഗതാർഹമായ കാര്യമാണ്. പക്ഷെ അവയ്ക്ക് രാഷ്ട്രീയത്തില ധിഷ്ഠിതമായ നിലപാടുകൾ ഉണ്ടായിരിക്കണം. എന്നാൽ ജനക്ഷേമവും സദ്ഭരണവും മാത്രമായി അവരുടെ ആശയസംഹിത ചുരുങ്ങുന്നിടത്ത് ജനാധിപത്യം പരാജയപ്പെടുകയാണ്.

### ശബരിമലയും സംഘപരിവാറും

ബി.ജെ.പിക്ക് ലഭിക്കാൻ പോകുന്ന വോട്ട് വിഹിതം എത്രയാണ് എന്നതാണ് ഈ തെരഞ്ഞെടുപ്പ് തെളിയിക്കാൻ പോകുന്ന മറ്റൊരു പ്രധാന വിഷയം. ബി.ജെ.പിക്ക് കേരള രാഷ്ട്രീയത്തിൽ എത്രമാത്രം ജനപിന്തുണയുണ്ട് എന്നതും ആ പിന്തുണ ഏത് മുന്നണിയിൽ നിന്നാണ് വോട്ടായി ചോരുന്നതെന്നും ഇത്തവണ കൂടുതൽ വ്യക്തമാകും. ബി.ജെ.പിക്ക് ലഭിക്കുന്ന പിന്തുണയെ സൂക്ഷ്മമായി വിലയിരുത്തേണ്ടുന്നതിന്റെ പ്രാധാന്യം എന്താണ്? ഒന്ന്, അവർ പറയുന്ന വർഗ്ഗീയ രാഷ്ട്രീയത്തിന് കേരളത്തിൽ എത്രമാത്രം ജനപിന്തുണ ലഭിക്കും എന്നത് ദേശീയതലത്തിൽ തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന രാഷ്ട്രീയ വിഷയമാണ്. പ്രത്യേകിച്ച് ബി.ജെ.പിക്ക് ഇതുവരെ വേരുറപ്പിക്കാൻ കഴിയാത്ത സംസ്ഥാനമായി കേരളം തുടരുന്ന സാഹചര്യത്തിൽ എന്താകും അവരുടെ ഭാവി എന്ന് ഈ തെരഞ്ഞെ

ടുപ്പോടെ കുറച്ചുകൂടി വ്യക്തമാകും. രണ്ട്, പരമ്പരാഗതമായി ശീലിച്ചുപോരുന്ന ഇടത്-ഐക്യ മുന്നണികളിൽ നിന്നും ജനങ്ങൾ അകലുന്നുണ്ടോ എന്നതും അവർ ബി.ജെ.പിയെ ഒരു ബദലായി കേരളത്തിൽ കാണുന്നുണ്ടോ എന്നതും കുറേക്കൂടി വ്യക്തമാകും.

ബി.ജെ.പിയുടെ പ്രചാരണത്തിലെ മുഖ്യ വിഷയം ശബരിമലയിലെ സ്ത്രീപ്രവേശനം ആയിരുന്നു എന്നതും നിർണ്ണായകമാണ്. വിശ്വാസസംരക്ഷണം എന്നതിനാണ് അവർ പ്രാമുഖ്യം നൽകിയത്. ഹിന്ദുത്വവർഗ്ഗീയതയിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയപാർട്ടിക്ക് ഉന്നയിക്കാൻ കഴിയുന്ന ഏറ്റവും അനുകൂലമായ ഒരു സംഗതിയായി അവർ ശബരിമല സ്ത്രീപ്രവേശന വിഷയത്തെ മാറ്റിത്തീർത്തു. യു.ഡി.എഫും ശബരിമലയെ വോട്ടാക്കി മാറ്റുന്നതിനായി ആചാരലംഘനത്തിന് ശിക്ഷ നൽകുന്നതരത്തിലുള്ള ബിൽ മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ബി.ജെ.പി ആണ് പാർട്ടി എന്ന നിലയിൽ ശബരിമല സ്ത്രീപ്രവേശനത്തിന് എതിരായ തീവ്രമായ നിലപാട് സ്വീകരിച്ചുകൊണ്ട് വിശ്വാസികളെ ഒരു വോട്ട് ബാങ്ക് ആക്കി മാറ്റാൻ ശ്രമിച്ചത്. കേരളത്തിന്റെ പുരോഗമന പൊയ്മുഖം അഴിഞ്ഞുവീണ ഒരു പ്രക്ഷോഭമായിരുന്നു ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിക്കെതിരെ ഇവിടെ അരങ്ങേറിയത്. ആർത്തവ സമയത്ത് ആരാധനാലയങ്ങളിൽ വിലക്ക് വേണ്ടതുണ്ടോ എന്നതായിരുന്നു സുപ്രീംകോടതിയിൽ ഉയർന്ന ചോദ്യം. ആർത്തവായിത്താചരണം തൊട്ടുകൂടായ്മയാണെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 17ന് എതിരാണെന്നും സുപ്രീംകോടതി വിവക്ഷിച്ചു. സമത്വത്തെ ഉയർത്തിപ്പിടിച്ച ചരിത്രപ്രാധാന്യമുള്ള ഈ വിധിയെ മനസ്സിലാക്കാൻ ജാതിമേധാവിത്തത്തിന്റെയും ആൺകോയ്മയുടെയും സ്വാധീനവലയത്തിൽ കുടുങ്ങിക്കിടക്കുന്ന കേരള സമൂഹത്തിന് കഴിഞ്ഞില്ല. ആണധികാര രാഷ്ട്രീയത്താൽ നയിക്കപ്പെടുന്ന മുഖ്യധാരാ രാഷ്ട്രീയ കക്ഷിക്കും അത് തീരെ മനസ്സിലായില്ല. വിശ്വാസികൾ പരമ്പരാഗത പുരുഷമൂല്യങ്ങളുടെയും ജാതിക്കോയ്മയുടെയും സംരക്ഷകരായി രംഗത്തിറങ്ങിയതോടെ ഇടതുപക്ഷം ഒന്ന് പകച്ചു. ലോകസഭാ തെരഞ്ഞെടുപ്പിൽ ഏറ്റ തിരിച്ചടികൂടിയായതോടെ ശബരിമലയെക്കുറിച്ച് സംസാരിക്കാൻ ഇടതുനേതാക്കൾ ഭയപ്പെട്ടുതുടങ്ങി. ഹൈന്ദവ ദേശീയത ഇന്ത്യയിൽ ഉയർത്തുന്ന ആണത്തസംസ്കാരത്തിന്റെ (രാമരാജ്യം) ഭാഗമായി സംഘപരിവാർ ശബരിമല പ്രക്ഷോഭത്തെ മാറ്റാൻ ശ്രമിക്കുകയും ചെയ്തു. അധികാരത്തിന്റെ താക്കോൽ സ്ഥാനത്ത് നായന്മാരെ ഉറപ്പിക്കാൻ നടക്കുന്ന എൻ.എസ്.എസ് എന്ന ജീർണ്ണിച്ച സമുദായ സംഘടനയുടെ ധാർഷ്ട്യം കൂടിയായതോടെ ശബരിമല രാഷ്ട്രീയ പ്രതിസന്ധിയായി മാറി. കേവലമായ തെരഞ്ഞെടുപ്പ് വിജയത്തിനുള്ള ആയുധമായി അത് മാറുമ്പോൾ കേരള സമൂഹത്തെ അത് എത്രമാത്രം പിറകോട്ട് നടത്തുന്നു എന്നത് വളരെ ഗൗരവമുള്ള കാര്യമാണ്.

സംഘപരിവാറിന്റെ ശബരിമല അജണ്ടയ്ക്ക് എത്രവോട്ട് കിട്ടും എന്നതാണ് അറിയേണ്ടത്. ഇക്കഴിഞ്ഞ തദ്ദേശതെരഞ്ഞെടുപ്പിൽ ബി.ജെ.പി 25 ശതമാനത്തിൽ കൂടുതൽ വോട്ട് നേടിയ 15 നിയമസഭാ മണ്ഡലങ്ങളുണ്ടായിരുന്നു. 35000 ൽ ഏറെ വരുന്ന ആ വോട്ട് ഹിന്ദുത്വ രാഷ്ട്രീയത്തിനുള്ള പിന്തുണയായിത്തന്നെ കണക്കാക്കാം. എൽ.ഡി.എഫ്-യു.ഡി.എഫ് മുന്നണികൾക്ക് അത് അവരുടെ പക്കൽ നിന്നാണോ പോകുന്നത് എന്ന കാര്യത്തിലാണ് മുഖ്യ ആശങ്ക. എന്നാൽ ബി.ജെ.പിക്ക് കിട്ടുന്ന കൂടിവരുന്ന പിന്തുണ കേരളത്തിന്റെ മതനിരപേക്ഷ മനസ്സിനേൽക്കുന്ന ആഴത്തിലുള്ള മുറിവുകളായാണ് കണക്കാക്കേണ്ടത്. വിവിധ മതവിഭാഗങ്ങൾ സാംസ്കാരികമായി ഇടകലർന്ന് ജീവിക്കുന്ന കേരളത്തിൽ 'ലവ് ജിഹാദ്' തടയാൻ നിയമം നിർമ്മിക്കും എന്നെല്ലാമുള്ള അത്യന്തം വിദ്വേഷകരമായ വാഗ്ദാനങ്ങളുമായി കടന്നുവരുന്ന ബി.ജെ.പി തീർച്ചയായും ഒരു അപായ സൈറൺ തന്നെയാണ്.

**ഇനിയെന്ത്?**

ആരവങ്ങളെല്ലാമൊടുങ്ങി ഫലത്തിനായുള്ള കാത്തിരിപ്പിലാണ് എല്ലാവരും. ആരാകും കേരളം ഭരിക്കാൻ പോകുന്നത് എന്നറിയാൻ ഇനി കുറച്ച് ദിവസങ്ങൾ മാത്രം. ഭരണത്തിലേക്ക് ഏത് മുന്നണിയെത്തിയാലും ഈ തെരഞ്ഞെടുപ്പ് കാലം ഉയർത്തിയ പുതിയ സംവാദമണ്ഡലങ്ങളെ ആഴത്തിൽ വിശകലനം ചെയ്ത് ജനാധിപത്യത്തെ സംരക്ഷിച്ചുകൊണ്ട് ജാഗ്രതയോടെ മുന്നോട്ടുപോകാൻ സിവിൽ സമൂഹത്തിന് ബാധ്യതയുണ്ട്. പുതിയ സർക്കാർ അധികാരത്തിലേറുന്നതിന്റെ ആരവങ്ങൾക്കിടയിൽ അത് മുങ്ങിപ്പോകാതിരിക്കട്ടെ.■

**കേരളീയം ഡിജിറ്റൽ ആർക്കൈവ്**

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ സൗജന്യമായി ലഭ്യമാണ്. സന്ദർശിക്കുക:

www.keraleeyammasika.com